**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5711** **16-03-2023 - ൽ മറുപടിയ്ക്ക്**

**അഴിമതിക്കാരനായ ഉദ്യോഗസ്ഥനെതിരെ അന്വേഷണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. സിദ്ദിഖ് | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | സർക്കാരിന്റെ നികുതി പിരിവുമായി ബന്ധപ്പെട്ട് ഉന്നത പദവിയിലിരിക്കുന്ന ഒരു ഉദ്യോഗസ്ഥനെതിരെ E2(CV01/18/TVM) 42558/2017 ആയി വിജിലൻസ് ഡയറക്ടറുടെ ഒരു രഹസ്യാന്വേഷണ റിപ്പോർട്ട് ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത റിപ്പോർട്ടിൽ ഡയറക്ടർ സർക്കാരിന് നൽകിയ ശിപാർശകൾ എന്തെല്ലാമായിരുന്നുവെന്ന് വ്യക്തമാക്കാമോ; | (എ) | **ഉണ്ട്. ആരോപണവിധേയൻ അനധികൃത സ്വത്ത് സമ്പാദനം എന്തെങ്കിലും നടത്തിയിട്ടുണ്ടോ എന്ന് കണ്ടെത്തുന്നതിനായി പ്രസ്തുത വിഷയത്തിൽ ഒരു പ്രാഥമിക അന്വേഷണം നടത്താവുന്നതാണെന്നു ശിപാർശ ചെയ്തിരുന്നു.** |
| (ബി) | ഇതേ ഉദ്യോഗസ്ഥനെതിരെ വി.എ.സി.ബി. സ്പെഷ്യൽ സെൽ തിരുവനന്തപുരം ഇൻസ്പെക്ടർ ഓഫ് പോലീസ് ശ്രീ. റാണാചന്ദ്രൻ ആർ. കെ. തയ്യാറാക്കിയ 07/05/2019 ലെ ഒരു പരാതി വെരിഫിക്കേഷൻ റിപ്പോർട്ടും ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | **ഉണ്ട്.** |
| (സി) | പ്രസ്തുത രണ്ട് റിപ്പോർട്ടുകളിലും നിർണ്ണയിച്ച വസ്തുതകളിലും എത്തിചേർന്ന നിഗമനങ്ങളിലും വൈരുദ്ധ്യങ്ങൾ ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഒരു സർക്കാർ ഉദ്യോഗസ്ഥനെതിരെ അനധികൃത സ്വത്ത് സമ്പാദനവുമായി ബന്ധപ്പെട്ട അന്വേഷണത്തിൽ കണ്ടെത്തുന്ന വസ്തുതകളുടെ അടിസ്ഥാനത്തിൽ തുടർ നടപടികൾ സ്വീകരിക്കുന്നതിനായി വിജിലൻസ് മാന്വലിലെ ചാപ്റ്റർ XI പ്രകാരമുള്ള നടപടിക്രമങ്ങൾ മേൽപ്പറഞ്ഞ റിപ്പോർട്ടിന്റെ വെരിഫിക്കേഷൻ നടപടികളിൽ പാലിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ; | (സി) | **രഹസ്യാന്വേഷണം നടത്തിയത് തിരുവനന്തപുരം യൂണിറ്റ് മുഖേനയാണ്. എന്നാൽ അനധികൃത സ്വത്തു സമ്പാദനം സംബന്ധിച്ച അന്വേഷിക്കുന്നതിന് പ്രത്യേകമായി ചുമതലപ്പെടുത്തിയിട്ടുള്ള തിരുവനന്തപുരം സ്പെഷ്യൽ സെൽ മുഖേന നടത്തിയ പരിശോധനയിൽ ആരോപണം തെളിയിക്കുന്നതിനുള്ള വസ്തുതകൾ ഒന്നുംതന്നെ കണ്ടെത്തുവാൻ കഴിയാതിരുന്ന സാഹചര്യത്തിൽ രഹസ്യന്വേഷണ റിപ്പോർട്ടിൽ തുടർനടപടികൾ ആവശ്യമില്ല എന്ന് തീരുമാനിച്ചിട്ടുണ്ട്. നടപടിക്രമങ്ങൾ പാലിച്ചിട്ടുണ്ട്.** |
| (ഡി) | പ്രസ്തുത റിപ്പോർട്ടുകളിൽ പരാമർശിച്ചിട്ടുള്ള ഉദ്യോഗസ്ഥന്റെ സ്ഥാവര ജംഗമ വസ്തുക്കളുടെ വിവരങ്ങൾ എല്ലാ വർഷങ്ങളിലും നിയമപരമായി നൽകി വരുന്ന പ്രോപ്പർട്ടി രേഖകളുമായും, ഇൻകം ടാക്സ് രേഖകളുമായും റിപ്പോർട്ട് തയ്യാറാക്കുന്ന | (ഡി) | **വിജിലൻസ് കേസ് രജിസ്റ്റർ ചെയ്തു അന്വേഷണം നടത്തുന്ന അവസരത്തിൽ മാത്രമാണ് കൂടുതൽ രേഖകൾ പരിശോധിക്കുന്നത്. ഇക്കാര്യത്തിൽ വിജിലൻസ് കേസ് രജിസ്റ്റർ ചെയ്യാത്തതിനാൽ പ്രസ്തുത രേഖകൾ പരിശോധിച്ചിട്ടില്ല.** |

| | | | |
|---|---|---|---|
| | വേളയിൽ പരിശോധനക്ക് വിധേയമാക്കിയിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം വർഷത്തെ രേഖകളാണ് പരിശോധന നടത്തിയിട്ടുള്ളത്; വിശദാംശം നൽകുമോ; | | |
| (ഇ) | പ്രസ്തുത ഉദ്യോഗസ്ഥന്റെ ബിനാമി ഇടപാടുകൾ പരിശോധിക്കുന്നതിന്റെ ആവശ്യത്തിലേക്കായി ടി ഉദ്യോഗസ്ഥന്റെ കുടുംബാംഗങ്ങൾ, ബന്ധുക്കൾ എന്നിവരുടെ പേരിലും പ്രസ്തുത ഉദ്യോഗസ്ഥന്റെ പേരിലും ഉള്ള സ്ഥലങ്ങളും അവയിലെല്ലാം നടത്തിയിട്ടുള്ള നിർമ്മിതികളും, സ്ഥാവര വസ്തുക്കൾ വാങ്ങിയതുമായി ബന്ധപ്പെട്ട് പണത്തിന്റെ ഉറവിടം എന്നിവയെ കുറിച്ച് വിശദമായ അന്വേഷണം നടത്തിയിട്ടുണ്ടോ; എങ്കിൽ ആയതിന്റെ വിശദാംശം നൽകുമോ; | (ഇ) | **ഇക്കാര്യത്തിൽ വിജിലൻസ് കേസ് രജിസ്റ്റർ ചെയ്യാത്തതിനാൽ പ്രസ്തുത രേഖകൾ പരിശോധിച്ചിട്ടില്ല.** |
| (എഫ്) | കുറ്റാരോപിതനായ ഉദ്യോഗസ്ഥന്റെ പേരും, ജോലി ചെയ്യുന്ന വകുപ്പും വ്യക്തമാക്കാമോ; | (എഫ്) | **സംസ്ഥാന ചരക്ക സേവന നികുതി വകുപ്പിലെ ഉദ്യോഗസ്ഥനാണ്.** |
| (ജി) | മേൽപരാമർശിച്ചിട്ടുള്ള കാര്യങ്ങൾ ഉൾകൊള്ളിച്ചു കൊണ്ട് സമഗ്രമായ ഒരു അന്വേഷണം നടത്തുവാൻ നടപടി സ്വീകരിക്കാമോ; വ്യക്തമാക്കുമോ? | (ജി) | **ഇക്കാര്യത്തിൽ വിജിലൻസ് & ആൻറി കറപ്ഷൻ ബ്യൂറോയുടെ തിരുവനന്തപുരം യൂണിറ്റ് മുഖേന നടത്തിയ രഹസ്യാന്വേഷണ റിപ്പോർട്ടിന്റെയും തിരുവനന്തപുരം സ്പെഷ്യൽ സെൽ മുഖേന നടത്തിയ പരിശോധന റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ സർക്കാർ വിഷയം വിശദമായി പരിശോധിക്കുകയും തുടർനടപടികൾ ആവശ്യമില്ലായെന്നു തീരുമാനിക്കുകയും ചെയ്തിട്ടുള്ളതാണ്. ആയതിനാൽ മറ്റൊരു അന്വേഷണം നടത്തേണ്ട സാഹചര്യം നിലനിൽക്കുന്നില്ല.** |

സെക്ഷൻ ഓഫീസർ